# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2380 12.02.2020- ൽ മറുപടിക്ക്

## പുതിയ വ്യവസായങ്ങൾക്ക് സബ്സിഡി

| ചോദ്യം<br>ശ്രീ.എം. സി. കമറുദ്ദീൻ | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കുമോ? | വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിൽ 15% മുതൽ 30 % വരെ നിക്ഷേപ സബ്സിഡി സൂക്ഷ്മ -ചെറുകിട - ഇടത്തരം വ്യവസായങ്ങൾക്ക് നൽകി വരുന്നുണ്ട്. തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ 2020 ഏപ്രിൽ ഒന്ന് മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നല്കുന്ന കാര്യം ആലോചനയിലാണ്. ഇവർ തൊഴിലാളികളുടെ ESI, PF എന്നി സ്കീമുകൾ നടപ്പിലാക്കിയിരിക്കണം. മാത്രമല്ല, സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സബ്സിഡി ഇനത്തിൽ 2000/- രൂപ അധികമായി നൽകാനാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ